# വ്യാവസായിക പരിശീലനവകുപ്പ്

## (കേരള സംസ്ഥാനം)

തിരുവനന്തപുരം 13-04-2012
No:SIC-MES-7483/12

## വിജ്ഞാപനം

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻകഴിയാത്തവർ, പരമ്പരാഗത തൊഴിൽ പരിചയമുള്ളവർ, ഐ.ടി.ഐ പാസായവർ, സർട്ടിഫിക്കറ്റില്ലാത്ത വിദഗ്ദ്ധ തൊഴിലാളികൾ എന്നിവരെ കണ്ടെത്തി സ്വദേശ-വിദേശങ്ങളിൽ തൊഴിൽലഭ്യത ഉറപ്പാക്കുന്നതിനുള്ള ഹ്രസ്വകാല പരിശീലനവും പ്രായോഗിക പരീക്ഷയും നടത്തി വിജയികൾക്ക് അന്താരാഷ്ട്ര തലത്തിൽ അംഗീകാരമുള്ള എൻ.സി.വി.റ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനായി കേന്ദ്ര തൊഴിൽ മന്ത്രാലയം ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 'സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ്' ന്റെ ഭാഗമായ മോഡ്യൂലർ എംപ്ലോയ്ബൾ സ്കിൽസ് (എം.ഇ.എസ്) പദ്ധതി. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാവർക്കും തൊഴിൽ എന്ന ലക്ഷ്യത്തോടെ, അവരുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാരിന്റെ തൊഴിൽ വകുപ്പ്, ഈ സ്കീമിന് കൂടുതൽ പ്രാധാന്യം നൽകികൊണ്ട് "വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡർ' (വി.ടി.പി) ആയി പ്രവർത്തിക്കുവാൻ താൽപര്യമുള്ള പൊതു / സ്വകാര്യ മേഖലകളിലെ വിദ്യാഭ്യാസ / പരിശീലന സ്ഥാപനങ്ങൾ, സംഘടനകൾ, കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നവിടങ്ങളിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരങ്ങൾ www.det.kerala.gov.in എന്ന വെബ് സൈറ്റിലെ MES click ചെയ്താൽ ലഭ്യമാണ്. അപേക്ഷ ഫീസ് 2000/- രൂപ (മടക്കി നൽകുന്നതല്ല). അപേക്ഷ ഫീസായ 2000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് 'Secretary, SSDISK, Directorate of Training, Thiruvananthapuram'- ന്റെ പേരിൽ എടുത്തതും തിരുവനന്തപുരത്ത് മാറാവുന്നതുമായിരിക്കണം. അപേക്ഷകൾ 'ഓൺലൈനായും, ഹാർഡ്കോപ്പിയും അയക്കേണ്ടതാണ്. Implementation Manual ൽ നിർദ്ദേശിച്ചിട്ടുള്ള (മുകളിൽ പറഞ്ഞ വെബ്സൈറ്റിൽ ലഭ്യമാണ്) എല്ലാ രേഖകളുടെയും ശരിപകർപ്പുകൾ അപേക്ഷയോടൊപ്പം ചേർത്തിരിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 30-04-2012 വൈകുന്നേരം 4 മണി. കൂടുതൽ വിവരങ്ങൾക്ക് 0471- 2322490, 9447750652 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക. അപേക്ഷ അയക്കേണ്ട വിലാസം 'Secretary, SSDISK, Directorate of Training, Thycaud, Thiruvananthapuram- 14

ഡയറക്ടർ ഓഫ് ട്രെയിനിംഗ്

K. BIJU. I.A.S.
DIRECTOR OF EMPLOYMENT & TRAINING
THIRUVANANTHAPURAM